**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1353** **01-02-2024 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ ടൂറിസം സീസൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി സമ്പൂർണ്ണ ടൂറിസം സീസൺ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (എ) | രാജ്യാന്തര തലത്തിലെ വിവിധ ട്രേഡ് ഫെയറുകളിലും ബി 2 ബി മീറ്റിംഗുകളിലും പങ്കെടുക്കുകയും വിവിധ മാധ്യമങ്ങളിലൂടെ അന്താരാഷ്ട്ര മാർക്കറ്റിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം ഉറപ്പാക്കുകയും ചെയ്തുവരുന്നു. സമ്പൂർണ്ണ ടൂറിസം സീസൺ നടപ്പിലാക്കുന്നതിനായി കേരളം ഒരു ഓൾ സീസൺ ഡെസ്റ്റിനേഷൻ ആയി മാർക്കറ്റ് ചെയ്യുന്നതിന് വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മൺസൂൺ ടൂറിസത്തിന്റെ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തി സഞ്ചാരികളെ ആകർഷിയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. വെൽനെസ് ടൂറിസത്തിന്റെ ഭാഗമായി ആയുർവേദത്തിന്റെ സാധ്യതകൾ കൂടി ഈ സമയങ്ങളിൽ പ്രയോജനപ്പെടുത്താനാകും. ഇതിനായി പ്രത്യേക ക്യാമ്പയിനുകൾ നമ്മൾ സംഘടിപ്പിക്കാറുണ്ട്. മൺസൂൺ കാലത്ത് കെ.റ്റി.ഡി.സി-യും പ്രത്യേക പാക്കേജുകൾ ഒരുക്കാറുണ്ട്. ഡി.റ്റി.പി.സി-കളുടെ നേതൃത്വത്തിൽ മഡ് ഫെസ്റ്റിവൽ പോലുള്ളവ സംഘടിപ്പിച്ച് ഈ സീസണെ വ്യത്യസ്തമാക്കാൻ ശ്രമിയ്ക്കുന്നു. അനുഭവവേദ്യ ടൂറിസം പദ്ധതികളുടെ ഭാഗമായും മൺസൂൺ സീസണിൽ വ്യത്യസ്തമായ പാക്കേജുകൾ തയ്യാറാക്കുന്നുണ്ട്. കാരവൻ ടൂറിസം, ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം തുടങ്ങിയ പദ്ധതികളിലൂടെ കൂടുതൽ സഞ്ചാരികളെ ആകർഷിയ്ക്കാൻ കഴിയുന്നുണ്ട്. അഡ്വഞ്ചർ ടൂറിസം, സ്ത്രീ സൗഹാർദ്ദ ടൂറിസം, നൈറ്റ് ലൈഫ് ടൂറിസം, സ്ട്രീറ്റ് പദ്ധതി, വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ തുടങ്ങി വൈവിധ്യമാർന്ന നവീന പദ്ധതികളിലൂടെ കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനായി. കേരളീയം, ഓണഘോഷം, ചാമ്പ്യൻസ് ബോട്ട് ലീഗ്, ബേപ്പൂർ വാട്ടർ ഫെസ്റ്റ്, മലബാർ റിവർ ഫെസ്റ്റിവൽ, എം ടി ബി, സർഫിങ് ഫെസ്റ്റിവൽ, പാരാഗ്ലൈഡിങ് ഫെസ്റ്റിവൽ തുടങ്ങിയ |

| | | | |
|---|---|---|---|
| | | | ആഘോഷ പരിപാടികളിലൂടെയും സഞ്ചാരികളെ ആകർഷിയ്ക്കുന്നു. വർഷം മുഴുവൻ നീളുന്ന പരിപാടികൾ ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ